(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ-ഐ.ഡി.കെ-8/800/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,ഇടുക്കി
Phone: 04862 227 332
*Email : doidk.ksad@kerala.gov.in*

തീയതി:22.06.2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പെരുവന്താനം ഗ്രാമ പഞ്ചായത്ത്

സർ

വിഷയം :- പെരുവന്താനം ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് –സംബന്ധിച്ച്

***********************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ-ഐ.ഡി.കെ-8/800/2017

തീയതി:22.06.2017

**<u>ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>**

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം**-** വകുപ്പ് **215(4) , 1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം **-** വകുപ്പ് **13 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്**)**

*************************

ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 24.09.2016 മുതൽ 09.06.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 6 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)** <u>ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 12.06.2017 മുതൽ 17.06.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സൂസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. സജിമോൻ വി.ജി | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുൺ മാത്യു | അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ബാബുരാജ് കെ.ബി. | ഓഡിറ്റർ |

**(ബി)** നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ. കെ. ടി. ബിനു | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ. സി. എസ്. നാസർ | 01.04.2016 മുതൽ 15.12.2016 വരെ |
| | ശ്രീ. റ്റി. ജി. തോമസ് | 16.12.2016 മുതൽ 31.03.2017 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീമതി.സിന്ധുമോൾ കെ. കെ. | 01.04.2016 മുതൽ 31.03.2017വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. സുമയ്യ സി. വി. | 01.04.2016 മുതൽ 02.11.2016 വരെ |
| | ശ്രീ. എൽദോസ് പോൾ | 03.11.2016 മുതൽ 07.11.2016 വരെ |
| | ശ്രീമതി. ഷെറിൻ മേരി സാം | 08.11.2016 മുതൽ 22.11.2016 വരെ |
| | ശ്രീ. കെ. പി. വിജയൻ | 23.11.2016 മുതൽ 23.01.2017വരെ |
| | ശ്രീ. റ്റി. ആർ. രമേശൻ | 24.01.2017 മുതൽ 20.02.2017 വരെ |
| | ശ്രീ. അരുൺകുമാർ ആർ. | 21.02.2017 മുതൽ 31.03.2017 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. രേഖമോൾ കെ. എ. | 01.04.2016 മുതൽ 28.02.2017 വരെ |
| | ശ്രീ. ബിബിൻ പി. ബെന്നി | 01.03.2017 മുതൽ 13.03.2017 വരെ |
| | ശ്രീമതി. രേണു പി. ആർ. | 14.03.2017 മുതൽ 31.03.2017 വരെ |
| ഡയറി ഇൻസ്ട്രക്ടർ | ശ്രീ. ഷിജോ ബഷീർ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | ഡോ. അനുപമ എം. വി. | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ഹേമ തിലക് | 01.04.2016 മുതൽ 19.01.2017 വരെ |
| | ഡോ. അഭിരാം എസ്. | 20.01.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ. അശ്വതി ഡി. | 01.04.2016 മുതൽ 24.06.2016 വരെ |
| | ഡോ. മനേഷ് മോഹൻ | 25.06.2016 മുതൽ 24.07.2016 വരെ |

| | | |
|---|---|---|
| | ഡോ. ബാബു രാജ് | 25.07.2016 മുതൽ 07.08.2016 വരെ |
| | ഡോ. അഫ്സൽ അസീസ് | 07.08.2016 മുതൽ 31.03.2017 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി. എലിസബത്ത് കുരുവിള | 01.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി. സിസ്സു കെ. മാത്യു | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ഷിമ്മോൾ പി | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ. നിർമ്മല പ്രയദർശിനി | 01.04.2016 മുതൽ 06.09.2016 വരെ |
| | ഡോ. ശോഭ പ്രസാദ് | 07.09.2016 മുതൽ 09.02.2017 വരെ |
| | ഡോ.ജോസ്. ഇ. ഫിലിപ്പ് | 10.02.2017 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 - പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |

| | | |
|---|---|---|
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക ധനകാര്യപത്രിക അപാകതകൾ | 1-12 |
| | ഭാഗം 2 | |
| 13 | പഞ്ചായത്ത് വക സ്ഥലത്തെ മരങ്ങൾ അനധികൃതമായി മുറിച്ച് കടത്തി | 2-1 |
| 14 | വസ്തു നികുതി വൻ തുക പിരിഞ്ഞ് കിട്ടുവാൻ ബാക്കി നിൽക്കുന്നു | 2-2 |
| 15 | ഡി. ആന്റ് ഒ. ട്രേഡ് ലൈസൻസ് ഫീസ് തൊഴിൽ നികുതി എന്നിവ ഈടാക്കുന്നില്ല | 2-3 |
| 16 | ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി ഈടാക്കിയില്ല | 2-4 |
| 17 | പരസ്യ നികുതി ഈടാക്കുന്നില്ല | 2-5 |
| | ഭാഗം 3 | |
| 18 | സർക്കാർ നിശ്ചയിച്ച ചെലവ് പരിധി അതിലംഘിച്ച് വാഹനം വാങ്ങി | 3-1 |
| 19 | വ്യക്തിഗതം കക്കൂസ് നിർമ്മാണം - പണി പൂർത്തീകരിച്ചില്ല | 3-2 |
| 20 | ഭവന പുനരുദ്ധാരണം - പണി പൂർത്തീകരിച്ചില്ല | 3-3 |
| 21 | തെരുവ് നായ്ക്കളുടെ നിയന്ത്രണം | 3-4 |
| 22 | ആസൂത്രണം ചെയ്ത പ്രോജക്ടുകളിൽ അമ്പത് ശതമാനംപോലും അസി. എൻജിനീയർ നടപ്പാക്കിയില്ല | 3-5 |
| 23 | ആശ്രയ പദ്ധതിയിൽ തുക ചെലവഴിക്കുന്നില്ല | 3-6 |
| 24 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി | 3-7 |
| 25 | കുടിവെള്ള പദ്ധതിക്ക് വിട്ടുകിട്ടിയ സ്ഥലങ്ങൾ പഞ്ചായത്തിന്റെ അധീനതയിലായിട്ടില്ല | 3-8 |
| 26 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല | 3-9 |

| | | |
|---|---|---|
| 27 | തെരുവ് വിളക്കുകൾ സംബന്ധിച്ച് | 3-10 |
| 28 | വെള്ളക്കരം സംബന്ധിച്ച് | 3-11 |
| 29 | പാലിയേറ്റീവ് യോഗം ചേരുന്നത് സംബന്ധിച്ച് | 3-12 |
| 30 | ആട് ഗ്രാമം പദ്ധതി – അപാകതകൾ | 3-13 |
| 31 | ഓണം മുൻകൂർ ക്രമീകരിച്ചിട്ടില്ല | 3-14 |
| | ഭാഗം 4 | |
| 32 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |
| 41 | ഓഡിറ്റ് സാക്ഷ്യപത്രം | അനുബന്ധം-1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ പുതുക്കിയ ബജറ്റ് 05.12.2016 തീയതിയിലെ 1-ാം തീരുമാനപ്രകാരം അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 27.05.2017 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹52,27,031- |
| വരവ് | ₹5,32,61,357/- |
| ആകെ | ₹5,84,88,388/- |
| ചെലവ് | ₹5,24,40,214/- |
| നീക്കിയിരിപ്പ് | ₹60,48,174/- |

## 1-5 ഫണ്ട് വിനിയോഗം( എ.സി.ആർ.പ്രകാരമുള്ളത്)

| ഫണ്ടിനം | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 1072963 | 1072963 | 8110502 | 75.59 |
| വികസനഫണ്ട് എസ്.സി.പി. | 0 | 2542416 | 2542416 | 1445459 | 56.86 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 2275860 | 2275860 | 1663602 | 73.10 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 9238959 | 9238959 | 6680417 | 72.31 |

| | | | | | |
|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 2989722 | 2989722 | 2151966 | 71.98 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6017886 | 6017886 | 5995200 | 99.62 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 23238872 | 23238872 | 4963337 | 21.36 |
| എം.എൻ.ആർ.ഇ.ജി.എസ്. | 14698 | 25620823 | 25635521 | 25591019 | 99.83 |
| ബി-ഫണ്ട് | 0 | 26711140 | 26711140 | 26711140 | 0 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 175 | 65412510 | 101 | 31010483 | ഇല്ല | 74 | 57.71 |

### എ) പദ്ധതി രൂപീകരണം

ഗ്രാമപഞ്ചായത്തിന്റെ 2016-17 വാർഷിക പദ്ധതി രൂപീകരണ ഘട്ടങ്ങൾ ചുവടെ ക്രോഡീകരിക്കുന്നു.

| രൂപീകരണഘട്ടം | തീയതികൾ |
|---|---|
| കർമസമിതികളുടെ യോഗങ്ങൾ | 03.06.2016 |
| അയൽസഭകൾ | 15.06.2016 |
| പദ്ധതി രൂപീകരണ ഗ്രാമസഭകൾ | 24.06.2016 – 28.06.2016 |
| വികസനസെമിനാർ | 10.08.2016 |
| ഭരണാനുമതി/സാമ്പത്തിക അനുമതി | തീരുമാന നം. I/തീ.16.08.2016 |

| | |
|---|---|
| ജില്ലാ ആസൂത്രണസമിതി അംഗീകാരം (അന്തിമം) | ഡി.പി.സി./987/2016/IDK/09.03.2017 |

വിവിധ വിഭാഗങ്ങളിലായി ആവിഷ്കരിച്ച് നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ആവിഷ്കരിച്ച പ്രോജക്ടുകൾ | | | നടപ്പാക്കിയ പ്രോജക്ടുകൾ | | |
|---|---|---|---|---|---|---|
| | പുതിയവ | സ്പിൽ ഓവർ | ആകെ | പുതിയവ | സ്പിൽ ഓവർ | ആകെ |
| പൊതുവിഭാഗം | 145 | 11 | 156 | 82 | 06 | 88 |
| എസ്. സി. പി. | 09 | 00 | 09 | 06 | 00 | 06 |
| ടി. എസ്. പി. | 09 | 01 | 10 | 07 | 00 | 07 |
| ആകെ | 163 | 12 | 175 | 95 | 06 | 101 |

<u>വാർഷിക പദ്ധതി നിർവഹണം :</u>

വാർഷിക പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രസക്ത വിഷയങ്ങൾ ചുവടെ സമാഹരിക്കുന്നു.

- ലഭ്യമായ നിർവ്വഹണ ഉദ്യോഗസ്ഥരുടെ സേവനം പദ്ധതിക്കായി പ്രതീക്ഷിച്ചിരുന്നുവെങ്കിലും നിർവ്വഹണത്തിൽ വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞില്ല.
- വിവിധ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് കണക്കുകൾ കുറ്റമറ്റ രീതിയിൽ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. എന്നാൽ വാർഷിക പദ്ധതി ചെലവ് കണക്കുകൾ എല്ലാ സ്രോതസ്സുകളും തിരിച്ചുള്ളത് കൃത്യമായി നിർണയിച്ചിട്ടില്ല.
- കാർഷിക മേഖലയിൽ തൻവർഷം ശ്രദ്ധേയമായ പ്രോജക്ടുകളൊന്നും നടപ്പാക്കിയില്ല.

  രണ്ടുകോടി രൂപ ലോകബാങ്ക് ധനസഹായത്തോടെ ആവിഷ്കരിച്ച പെരുവന്താനം കുടിവെള്ള പദ്ധതി പ്രവർത്തനങ്ങൾ തൻവർഷം ആരംഭിക്കാൻ കഴിഞ്ഞു. എന്നാൽ പ്രസ്തുത കുടിവെള്ളപദ്ധതിയുടെ ടാങ്ക് നിർമാണത്തിന് വിട്ടുകിട്ടിയ സ്ഥലങ്ങൾ നിയമപരമായി കൈവശപ്പെടുത്തിയില്ല.
- ഗ്രാമപഞ്ചായത്തിന് വാഹനം വാങ്ങുന്നതിൽ സർക്കാർ നിശ്ചയിച്ച ചെലവ് പരിധി ലംഘിച്ചു.
- ആശ്രയ പദ്ധതി പ്രവർത്തനങ്ങളിൽ പുരോഗതിയില്ല.
- വെളിയിട വിസർജ്ജ്യമുക്ത പഞ്ചായത്തായി പ്രഖ്യാപിക്കപ്പെട്ടെങ്കിലും മുൻകൂർ കൈപ്പറ്റിയ 6 ഗുണഭോക്താക്കൾ ശുചിമുറികൾ പണിയാൻ ശേഷിക്കുന്നു.

## **1-7** <u>തനത് വരുമാനം</u>

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനത് വരുമാനത്തിൽ താഴെ പറയും പ്രകാരം 52.09 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം ₹ | തൻവർഷം ₹ | വ്യത്യാസം ₹ | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 1750390 | 2480460 | 730070 | (+)41.70 |
| നികുതിയേതര വരവുകൾ | 540414 | 947238 | 406824 | (+)75.28 |
| മറ്റുവരവുകൾ | 6956 | 67100 | 60144 | (+)864.63 |
| ആകെ | 2297760 | 3494798 | 1197038 | (+)52.09 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 12600 | 7 |
| കർഷക തൊഴിലാളി പെൻഷൻ | 1145760 | 131 |
| വിധവാപെൻഷൻ | 5255370 | 426 |
| വാർദ്ധക്യകാലപെൻഷൻ | 18211745 | 1637 |
| വികലാംഗപെൻഷൻ | 1600045 | 140 |
| സാധുക്കളായ വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 120000 | 4 |

| | | |
|---|---|---|
| അവിവാഹിതരായ 50 വയസ്സിന് മുകളിലുള്ള സ്ത്രീകൾ | 365620 | 32 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.06.2017ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹12,959/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം

രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. ഓരോയിനത്തിലെ ഫയലുകളും ബന്ധപ്പെട്ട രജിസ്റ്ററുകളും പ്രത്യേകമായി സൂക്ഷിച്ചിട്ടുണ്ട്. സാമ്പത്തിക വർഷാവസാനത്തിൽ സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപത്രം രേഖപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടുണ്ട്.

ഓഫീസ് പ്രവർത്തനങ്ങൾ

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സേവനം നൽകി വരുന്നു. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ട്. കാര്യക്ഷമമായ രീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തപ്പെടുന്നു.

ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ

14 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും സമ്മേളിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.04.2017 | 01.01.2017– 01.03.2017 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.09.2010–04.10.2010 | 2005-2006 മുതൽ 2009-2010 വരെ | 11.11.2010 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 പഞ്ചായത്ത് വക സ്ഥലത്തെ മരങ്ങൾ അനധികൃതമായി മുറിച്ചു കടത്തി

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിൽ നിന്ന് ഏതാനും വാര അകലെ സ്ഥിതി ചെയ്യുന്നതും പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതുമായ 3 ഏക്കർ സ്ഥലത്ത് നിന്ന് സ്വകാര്യ വ്യക്തി അനധികൃതമായി തടികൾ മുറിച്ചു കടത്തിയതായി പത്ര-ദൃശ്യ മാധ്യമങ്ങളിൽ വാർത്ത വരികയും ഇത് സംബന്ധിച്ച് ഓഡിറ്റ് വേളയിൽ ലഭിച്ച പരാതിയുടെ നിജസ്ഥിതി അറിയുന്നതിനായി വിശദമായ റിപ്പോർട്ട് അടിയന്തിരമായി ലഭ്യമാക്കാൻ അന്വേഷണക്കുറിപ്പ് നൽകിയിരുന്നു (നം. 4/ തീയതി.15.06.2017).ഇതിനുള്ള മറുപടിയിൽ, പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ പെരുവന്താനം-കരണിക്കാട്-ലുള്ള 3 ഏക്കർ സ്ഥലത്തെ മരങ്ങൾ അനധികൃതമായി വെട്ടിമാറ്റിയതായി ലഭിച്ച പരാതി ശരിയാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ 02.06.2017-ൽ പെരുവന്താനം പോലീസ് സ്റ്റേഷനിൽ പരാതി നൽകിയിട്ടുള്ളതായി അറിയിച്ചിട്ടുണ്ട്. വിവരങ്ങൾ അസി.കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് സോഷ്യൽ ഫോറസ്ട്രി ഇടുക്കി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ എന്നിവരെ അറിയിച്ചിട്ടുള്ളതായും പറഞ്ഞിട്ടുണ്ട്. ഇതു സംബന്ധിച്ച തുടർ നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. പഞ്ചായത്തിന്റെ ആസ്തിയിലുൾപ്പെട്ട സ്ഥലത്തെ വകകൾ സംരക്ഷിക്കുന്നതിൽ വന്ന വീഴ്ചയ്ക്ക് വിശദീകരണം ഹാജരാക്കേണ്ടതുമാണ്.

## 2-2 വസ്തുനികുതി - വൻ തുക പിരിഞ്ഞ് കിട്ടുവാൻ ബാക്കി നിൽക്കുന്നു

(എ) വസ്തുനികുതി- കുടിശിക വിവരം

വാർഷിക ധനകാര്യ പത്രികയുടെ ബി-15 പട്ടിക പ്രകാരം തന്നാണ്ട് കുടിശ്ശിക ₹8,93,713/-യും മുൻവർഷ കുടിശ്ശിക ₹10,32,867/-യും ഉൾപ്പെടെ ആകെ വസ്തു നികുതി ഇനത്തിൽ ₹19,26,580/- പിരിഞ്ഞുകിട്ടുവാനുണ്ട്. 'സഞ്ചയ'പ്രകാരം ആകെ പിരിഞ്ഞ് കിട്ടുവാനുള്ള തുക ₹24,85,775/- ആണ്. വാർഷിക ധനകാര്യ പത്രികയിലെയും സഞ്ചയയിലെയും തുകകൾ തമ്മിൽ ₹559195/-യുടെ വ്യത്യാസം വരാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതാണ്. പൊതുവെ തനത് വരുമാനം വളരെ കുറവായ പഞ്ചായത്തിലെ പ്രധാന വരുമാന ഇനമായ വസ്തുനികുതിയിൽ വന്ന കുടിശിക പിരിച്ചെടുക്കുവാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

(ബി) ടെലികമ്മ്യൂണിക്കേഷൻ ടവറുകൾ - നികുതി നിർണ്ണയവും കുടിശികയും

ഗ്രാമപഞ്ചായത്തിൽ 6ൽ കുറയാതെ മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി മനസ്സിലാക്കുകയും എക്സിറ്റ്

മീറ്റിംഗ് വേളയിൽ മെമ്പർമാർ ആയത് സ്ഥിരീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും 2 ടവറുകൾക്ക് മാത്രമാണ് നികുതി നിർണ്ണയിച്ചിട്ടുള്ളതായി കാണുന്നത്. ലൈസൻസ് എടുക്കാതെയും വസ്തുനികുതി നൽകാതെയും ഇവ പ്രവർത്തിക്കുന്നതിനാൽ തനത് വരുമാനത്തിൽ ഗ്രാമ പഞ്ചായത്തിന് വൻ നഷ്ടം ഉണ്ടാകുന്നുണ്ട്. നികുതി നിർണ്ണയിച്ചിട്ടുള്ള 2 ടെലികമ്മ്യൂണിക്കേഷൻ ടവറുകളുടെ തന്നെ വസ്തുനികുതി വർഷങ്ങളായി കുടിശികയാണ്.

ആയതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കെട്ടിട നം. | ഉടമയുടെ പേര് | കുടിശിക ₹ | കുടിശിക കാലയളവ് |
|---|---|---|---|---|
| 1 | 2/23 | ടവ്വേഴ്സ് | 53125 | 2013-14 മുതൽ |
| 2 | 12/374 | ഭാരതി ലിമിറ്റഡ് | 42075 | 2013-14 മുതൽ |

മുകളിൽ സൂചിപ്പിച്ച ടവറുകളുടെയടക്കമുള്ള എല്ലാ ടവറുകളുടെയും വസ്തുനികുതി കുടിശിക കാലഹരണപ്പെടാതെ പിരിച്ചെടുക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന ടവറുകൾ പ്രവർത്തിപ്പിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 ഡി. & ഒ. ട്രേഡ് ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കുന്നില്ല

1996ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ ആയ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളുടെ പട്ടിക 1 പ്രകാരം റേഷൻകടകളും അബ്കാരി ഷാപ്പുകളും ഡി.&ഒ. ട്രേഡ് ലൈസൻസ് ആവശ്യമായ സ്ഥാപനങ്ങളാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകളും അബ്കാരി ഷാപ്പുകളും പ്രസ്തുത ലൈസൻസില്ലാതെയാണ് പ്രവർത്തിക്കുന്നത്. മാത്രമല്ല, ഈ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടേയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി ഇനങ്ങളിലും വരുമാനമൊന്നും ലഭിക്കുന്നില്ല. വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ പരിപാലിക്കുന്നുണ്ടെങ്കിലും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ വ്യാപാര സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ആയത് കാലികമാക്കിയിട്ടില്ല. ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കുകയും അതനുസരിച്ച് എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ്, തൊഴിൽനികുതി എന്നിവ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-4 ജീവനക്കാരുടെയും സ്ഥാപനത്തിന്റെയും തൊഴിൽനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ/സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

(എ) ജീവനക്കാരുടെ തൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | എൽ.എസ്.ജി.ഡി. സെക്ഷൻ | 2 |
| 2 | റെയിൻ സെന്റർ | 2 |
| 3 | കൊശമറ്റം ഫിനാൻസ്, പെരുവന്താനം | 1 & 2 |
| 4 | കൊശമറ്റം ഫിനാൻസ്, 35-ാം മൈൽ | 1 & 2 |

(ബി) സ്ഥാപന തൊഴിൽ നികുതി

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | മാവേലിസ്റ്റോർ,പെരുവന്താനം | 1 & 2 |
| 2 | മാവേലിസ്റ്റോർ,35-ാം മൈൽ | 1 & 2 |
| 3 | കൊശമറ്റം ഫിനാൻസ്, പെരുവന്താനം | 1 & 2 |
| 4 | കൊശമറ്റം ഫിനാൻസ്, 35-ാം മൈൽ | 1 & 2 |

മേല്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ/സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 പരസ്യനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിന് വരുമാനവർദ്ധനവിനായി 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പനുസരിച്ച്, പരസ്യനികുതി ഏർപ്പെടുത്താവുന്നതാണെങ്കിലും ആ മേഖലയിലേക്ക് ചുവടുവെയ്പുകളൊന്നും ഉണ്ടായിട്ടില്ല. 209 എ വകുപ്പനുസരിച്ച് പഞ്ചായത്ത് പരിധിയിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കുന്നതിന് സെക്രട്ടറിയുടെ അനുമതി ആവശ്യമാണ്. ഗ്രാമപഞ്ചായത്തിന്റെ ഹൃദയഭാഗത്തുകൂടി കടന്നുപോകുന്ന 183-ാം നമ്പർ ദേശീയപാത പരസ്യനികുതിയുടെ പ്രധാന സ്രോതസാണെങ്കിലും ഫലപ്രദമായി പ്രയോജനപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കാനുതകുംവിധം ബൈലോ പാസ്സാക്കി സർക്കാരിന്റെ അംഗീകാരം വാങ്ങിയിട്ടില്ല. മറ്റു തനതു വരുമാനസ്രോതസുകൾ പരിമിതമാണെന്നിരിക്കെ നൂതനമായ ഇത്തരം മാർഗങ്ങൾ വരുമാനം വർദ്ധിപ്പിക്കാൻ അവലംബമാക്കേണ്ടതാണ്. ഭരണ സമിതി, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി എന്നിവയുടെ ശ്രദ്ധ ഇക്കാര്യത്തിലേക്ക് ക്ഷണിക്കുന്നു.

# ഭാഗം-3
## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സർക്കാർ നിശ്ചയിച്ച ചെലവ് പരിധി അതിലംഘിച്ച് വാഹനം വാങ്ങി

പ്രോജക്ട് നം. : എസ് 025/17

അടങ്കൽ : ₹10,00,000/- (വികസന ഫണ്ട് പൊതുവിഭാഗം)

ചെലവ് : ₹10,00,000/- (വികസന ഫണ്ട് പൊതുവിഭാഗം) ബിൽ നം.29/16-17തീ.17.03.2017.
: ₹42,257/- (തനതു ഫണ്ട്) ചെക്ക് നം.45961/20.03.2017

ആകെ : ₹10,42,257/- ( മഹീന്ദ്ര & മഹീന്ദ്ര ലിമിറ്റഡിന്റെ സ്റ്റാൻഡേഡ് ചാർട്ടേഡ് ബാങ്ക് മുംബൈ എം.ജി റോഡ് ശാഖയിലെ 22205260337 നമ്പർ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു).

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 06.09.2012-ലെ ജി.ഒ(ആർ.ടി)/2528/2012 നമ്പർ ഉത്തരവ് പ്രകാരം ത്രിതല പഞ്ചായത്തുകൾക്ക് വാഹനം വാങ്ങുന്നതിനുള്ള ഉയർന്ന ചെലവ് പരിധി സർക്കാർ പത്ത് ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ₹10,42,257/- മൂല്യമുള്ള സ്കോർപ്പിയോ മോഡൽ ജീപ്പ് വാങ്ങുവാനും (മഹീന്ദ്ര കമ്പനിയുടെ 06.02.2017-ലെ പ്രൊഫോർമ ഇൻവോയ്സ് നം.326(17) Xp പ്രകാരമുള്ള മൂല്യം), പ്രോജക്ടിൽ അധികരിച്ച തുക തനത് ഫണ്ടിൽ നിന്ന് വഹിക്കുവാനും തീരുമാനിച്ച് (തീരുമാന നം. I(7)/തീയതി.17.03.2017) ചെലവ് നടത്തി. സർക്കാർ പരിധിയും പ്രോജക്ടിന്റെ അടങ്കലും അധികരിച്ച ₹42257/-യുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 വ്യക്തിഗത കക്കൂസ് നിർമ്മാണം -പണി പൂർത്തീകരിച്ചിട്ടില്ല

പ്രോജക്ട് നമ്പർ – 001/17

വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള വ്യക്തിഗത കക്കൂസ് നിർമ്മാണം എന്ന പദ്ധതിയിൽ ധനസഹായം നൽകിയിട്ടുണ്ടെങ്കിലും താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായും പണി പൂർത്തീകരിച്ചിട്ടില്ല.

ഗുണഭോക്താക്കളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഡി.ഡി നമ്പർ/തീയതി | നൽകിയ തുക ₹ |
|---|---|---|---|
| 1 | അമ്മിണി അപ്പി, മാമൂട്ടിൽ,കൊമ്പൻപാറ | 45344/26.08.16 | 6000 |
| 2 | ജോയി ചെരുവിൽ, പാലൂർക്കാവ് | 45337/22.08.16 | 6000 |
| 3 | സുനിൽ കുമാർ, വാളിപ്ലാക്കൽ | 45341/23.08.16 | 6000 |
| 4 | സജയൻ കെ, മുട്ടത്തിൽ | 45536/07.10.16 | 6000 |

| | | | |
|---|---|---|---|
| 5 | അച്ചാമ്മ തങ്കപ്പൻ, പാറേൽ പുരയിടം | 43530/30.09.16 | 6000 |
| 6 | രമണി പാപ്പച്ചി, കപ്പല്യമാക്കൽ | 45537/14.10.16 | 6000 |
| | ആകെ | | 36000 |

പണി പൂർത്തീകരിക്കുന്നതിനോ ധനസഹായമായി നൽകിയ തുക തിരികെ ഈടാക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത ₹36,000/- ചെലവ് തടസ്സപ്പെടുത്തുന്നു. നടപടി സ്വീകരിച്ചതിന്റെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-3 ഭവനപുനരുദ്ധാരണം - പണി പൂർത്തീകരിച്ചില്ല

| | |
|---|---|
| ബിൽ നമ്പർ/തീയതി | 6/16-17/27.03.17 |
| തുക | ₹10,00,000/- |
| നിർവ്വഹണം | വി.ഇ.ഒ. |
| പ്രോജക്ട് നമ്പർ | 29/17 |

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള ഭവനപുനരുദ്ധാരണം പദ്ധതിയിൽ താഴെ പറയുന്ന ഗുണഭോക്താക്കൾ നാളിതുവരെയായും പണി പൂർത്തീകരിച്ചില്ല.

ഗുണഭോക്താക്കളുടെ പേരുവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | തുക |
|---|---|---|
| 1 | അബ്ദുൾ സലാം, താവളത്തിൽ | 12500 |
| 2 | തങ്ക അഴകേടത്തുപറമ്പിൽ, പാലൂർക്കാവ് | 12500 |
| 3 | തങ്കമ്മ ചെല്ലപ്പൻ, വാഴേപ്പറമ്പിൽ, പാലൂർക്കാവ് | 12500 |
| 4 | പൊടിയമ്മ, പുത്തൻപുരയ്ക്കൽ | 12500 |

| | | |
|---|---|---|
| | ആകെ | 50000 |

ഭവന പുനരുദ്ധാരണം പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 തെരുവ് നായ്ക്കളുടെ നിയന്ത്രണം - ജില്ലാപഞ്ചായത്തിൽ ഡെപ്പോസിറ്റ് ചെയ്ത തുകയുടെ വിനിയോഗ വിവരം ലഭ്യമല്ല

പദ്ധതി നം. : 163/17

ബിൽ നമ്പർ : 1/16-17 തീയതി27.03.2017 തുക : ₹25,000/-

പ്രോജക്ടിന്റെ പേര് : എ.ബി.സി പ്രോഗ്രാം (തെരുവ് നായ നിയന്ത്രിക്കൽ പദ്ധതി)

നിർവ്വഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

വെറ്ററിനറി സർജൻ നടപ്പിലാക്കിയ എ.ബി.സി. പ്രോഗ്രാം(തെരുവ് നായ നിയന്ത്രണ പദ്ധതി)ൽ ₹25,000/- വകയിരുത്തിയിരുന്നു. ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കൽ, ലഘുലേഖ വിതരണം എന്നീ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലാ പഞ്ചായത്ത് ആവിഷ്കരിച്ച തെരുവ് നായ്ക്കളുടെ നിയന്ത്രണം എന്ന പദ്ധതിയുടെ ചെലവിലേയ്ക്ക് യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യയുടെ ചെറുതോണി ബ്രാഞ്ചിന്റെ 346702010025411എന്ന ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കണമെന്ന് ഡി.ഡി.പി. ഇടുക്കി ആവശ്യപ്പെട്ടിരുന്നുവെങ്കിലും ടി തുക ഒടുക്കിയതിന്റെയും വിനിയോഗിച്ചതിന്റെയും വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ₹25,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-5 ആസൂത്രണം ചെയ്ത പ്രോജക്ടുകളിൽ അമ്പത് ശതമാനംപോലും അസി. എൻജിനിയർ നടപ്പാക്കിയില്ല

ഗ്രാമപഞ്ചായത്ത് 2016-17 വാർഷിക പദ്ധതികളിൽ പശ്ചാത്തലമേഖലയിൽ വിഭാവനം ചെയ്ത 87 മരാമത്ത് വേലകളുടെ നിർവഹണ ചുമതല അസി. എൻജിനിയറിലാണ് നിക്ഷിപ്തമായിരുന്നത് .

ആകെ പദ്ധതി അടങ്കലിന്റെ 54.78 ശതമാനവും പ്രസ്തുത മേഖലയ്ക്കാണ് നീക്കിവച്ചത്. എന്നാൽ തുടർ പ്രോജക്ടുകളുൾപ്പടെ കേവലം 40 എണ്ണമാണ് തൻവർഷം പൂർണമായോ ഭാഗികമായോ നടപ്പാക്കിയത്.

സ്ഥിതി വിവരക്കണക്കുകൾ ചുവടെ ചേർക്കുന്നു.

| ഇനം | തുക ₹ |
|---|---|

| | |
|---|---|
| ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ ആകെ പദ്ധതി അടങ്കൽ | 65412510 |
| മരാമത്തുവേലകൾക്ക് വകയിരുത്തിയ തുക | 35836510 |
| മരാമത്തുവേലകൾക്ക് ചെലവഴിച്ച തുക | 11600755 |
| ചെലവ് ശതമാനം | 32.37 |

പ്രവൃത്തികളുടെ ഇനം തിരിച്ചുള്ള കണക്കുകൾ

| മരാമത്ത് പ്രവൃത്തിയുടെ ഇനം | ആസൂത്രണം ചെയ്തവ | നടപ്പാക്കിയവ |
|---|---|---|
| റോഡ് നിർമാണം/പുനർനിർമാണം (കോൺക്രീറ്റിംഗ്) | 47 | 34 |
| വിവിധ കെട്ടിടങ്ങളുടെ സംരക്ഷണ പ്രവൃത്തികൾ | 24 | 03 |
| സംരക്ഷണ ഭിത്തികൾ, കലുങ്കുകൾ, നടപ്പാതകൾ, നടകൾ | 08 | 02 |
| കുടിവെള്ള പദ്ധതികൾ | 01 | 01 |
| മറ്റുള്ളവ | 07 | 00 |
| ആകെ | 087 | 40 |
| ശതമാനം | 45.97 | |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പശ്ചാത്തല മേഖലയിൽ സാധാരണ ഏറ്റവുമധികം പ്രാധാന്യം നൽകാറുള്ളത് റോഡുകളുടെ നിർമാണത്തിനും പരിപാലനത്തിനുമാണ്. എന്നാൽ ആസൂത്രണം ചെയ്ത റോഡ് നിർമാണ പ്രവൃത്തികൾപോലും പൂർണമായി നടപ്പാക്കാൻ ഗ്രാമപഞ്ചായത്തിന് തൻവർഷം കഴിഞ്ഞില്ലായെന്ന വസ്തുത വാർഷിക പദ്ധതി നടത്തിപ്പിലെ വീഴ്ചയാണ്. ആവിഷ്കരിക്കപ്പെടുന്ന പ്രോജക്ടുകൾ സമയബന്ധിതവും കാര്യക്ഷമവുമായി നടത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 ആശ്രയ പദ്ധതിയിൽ തുക ചെലവഴിക്കുന്നില്ല

ആശ്രയ പദ്ധതിക്കായി നൽകുന്ന വികസന ഫണ്ടിനത്തിൽ സി.ഡി.എസ്. ചെയർപേഴ്സന്റെ ബാങ്ക് അക്കൗണ്ടിൽ അവശേഷിക്കുന്ന തുകയുടെ വിശദാംശം താഴെ നൽകുന്നു.

സി.ഡി.എസ്. ചെയർപേഴ്സന്റെ ബാങ്ക് അക്കൗണ്ടിൽ (മുണ്ടക്കയം ഈസ്റ്റ് ഐ.ഡി.സി.ബി. 12009120042433, 120091201200001) 31.03.2017 തീയതിയിൽ ചലഞ്ച് ഫണ്ട് ഉൾപ്പെടെ ₹9,30,386/- അവശേഷിക്കുന്നു. ആശ്രയ പോലുള്ള മേഖലകളിൽ പദ്ധതി പണം വിനിയോഗിക്കാതെ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നത് തെറ്റായ നടപടിയാണ്. പദ്ധതി പണം വിനിയോഗിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി - രേഖകൾ ഹാജരാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ : വെറ്ററിനറി സർജൻ

ബിൽ നമ്പർ തിയതി തുക : 2/16-17 തീ. 27.03.2017 തുക : ₹3,56,250/-

പ്രോജക്റ്റ് നം. : എസ്. 94/17

ചെലവഴിച്ച തുക : ₹3,56,250/-(ധനകാര്യ കമ്മീഷൻ ഗ്രാന്റ്)

വെറ്ററിനറി സർജൻ നടപ്പിലാക്കിയിട്ടുള്ള പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതിയിൽ ₹3,56,250/- മേൽ സൂചിത ബിൽ പ്രകാരം പിൻവലിച്ചിട്ടുണ്ട്. 57 ഗുണഭോക്താക്കൾക്കുടെ ലിസ്റ്റ് മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്. മൃഗസംരക്ഷണവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് തുക കൈമാറിയതിന്റെ രേഖ ഹാജരാക്കിയില്ല. ടി പദ്ധതി നിർവ്വഹണം നടത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ 2/15.06.17 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത രേഖകളുടെ അഭാവത്തിൽ ₹3,56,250/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 കുടിവെള്ള പദ്ധതിക്ക് വിട്ടുകിട്ടിയ സ്ഥലങ്ങൾ പഞ്ചായത്തിന്റെ അധീനതയിലായിട്ടില്ല

പെരുവന്താനം കുടിവെള്ളപദ്ധതിയുടെ ടാങ്കുകൾ നിർമ്മിക്കുന്നതിനായി ഗ്രാമപഞ്ചായത്തിന് സ്വകാര്യ വ്യക്തികൾ വിട്ടുനൽകിയ സ്ഥലങ്ങൾ നിയമപരമായി നാളിതുവരെ കൈവശം ലഭിച്ചിട്ടില്ല. ഭരണസമിതി ഇക്കാര്യത്തിൽ 19.12.2016-ൽ തീരുമാനമെടുത്തിരുന്നതാണ് (തീരുമാന നം. VII(2)). പ്രസ്തുത സ്ഥലങ്ങളുടെ സറണ്ടർ ഫോം റവന്യൂ അധികാരികൾക്ക് കൈമാറിയതായി അധികൃതർ അറിയിച്ചെങ്കിലും നടപടികൾ പൂർത്തീകരിച്ച് ഉടമസ്ഥത സ്ഥാപിച്ചെടുക്കാൻ ഇനിയുമായിട്ടില്ല.

പ്രസ്തുത സ്ഥലങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥലം സറണ്ടർ ചെയ്ത വ്യക്തിയുടെ പേര്/മേൽവിലാസം | സർവേ നമ്പർ | വിസ്തീർണം |
|---|---|---|---|
| 1 | മത്തായി മാത്യു, പന്തപ്പള്ളിൽ പാലൂർക്കാവ് | 850-2/37 | 2 സെന്റ് |
| 2 | ആൻസി തോമസ്, കട്ടിക്കൽ , --ടി-- | 921-1/18 | 2 സെന്റ് |
| 3 | പി. വൈ. മുഹമ്മദ് ഹാരിസ്, പാറയ്ക്കൽ , പെരുവന്താനം | 315/4 | 1 സെന്റ് |
| 4 | ജോസഫ് ഫിലിപ്പോസ്, വട്ടുകളത്തിൽ, അമലഗിരി | 946/1 | 3 സെന്റ് |
| 5 | തോമസ് ചാക്കോ, അഴകത്ത്, --ടി--. | 946-1/1 | 2 സെന്റ് |
| 6 | ഗോപാലൻ, ചേലക്കാട്ട്, മുറിഞ്ഞപുഴ | 814/3 | 2 സെന്റ് |

പ്രസ്തുത സ്ഥലങ്ങൾ പേരിൽകൂട്ടുന്നതിനുള്ള ത്വരിത നടപടികൾ ഭരണതലത്തിൽ സ്വീകരിക്കുന്നതിനായി വിഷയം ഭരണസമിതിയുടെ സജീവശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-9 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - ചെലവഴിച്ച തുകയ്ക്കുള്ള മരുന്ന് ലഭിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് | S0032/17, ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, ഹോമിയോ |
| അടങ്കൽ | ₹240000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് ₹2,40,000/- | ബിൽ നം. 2/16-17 തീയതി. 27.02.2017 ₹240,000/- |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം 2016-17 വർഷം മേൽ സൂചിത ബിൽ പ്രകാരം ₹2,40,000/- ആലപ്പുഴ കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത തുകയ്ക്കുള്ള മരുന്ന് നാളിതുവരെ ലഭിച്ചിട്ടില്ല. ആയതിനാൽ ₹2,40,000-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-10 തെരുവ് വിളക്കുകൾ സംബന്ധിച്ച്

ഗ്രാമപഞ്ചായത്തിൽ തൻവർഷം 4/16മാസം മുതൽ 3/17 വരെ ₹13,775/- നിരക്കിൽ ₹1,65,300/- കെ.എസ്.ഇ.ബി.-യിൽ അടയ്ക്കുന്നുണ്ട്. എന്നാൽ ഇനം, ബൾബ്, സോഡിയം വേപ്പർ ലാമ്പ് തുടങ്ങിയവയുടെ എണ്ണം, പ്രവർത്തിക്കുന്നവ, പ്രവർത്തിക്കാത്തവ തുടങ്ങിയ വിശദാംശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. 12.03.2013-ലെ 65529/ഡി.സി.3/12/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് നടപ്പിലാക്കിയിട്ടില്ല. മീറ്റർ സ്ഥാപിക്കുന്നതിനായുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-11 വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച്

തൻവർഷം ഗ്രാമപഞ്ചായത്തിൽ വെള്ളക്കരം ഇനത്തിൽ 126 ടാപ്പുകൾക്ക് 4/16 മുതൽ 3/17വരെ ₹55,125/- നിരക്കിൽ ₹6,61,500 ഒടുക്കി വരുന്നുണ്ട്. 126 ടാപ്പുകളിൽ പ്രവർത്തിക്കുന്നവയുടെയും പ്രവർത്തിക്കാത്തവയുടെയും എണ്ണം രേഖപ്പെടുത്തുന്ന രജിസ്റ്റർ പരിപാലിക്കുന്നില്ല. വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും ചേർന്ന് സംയുക്ത പരിശോധന നടത്തണമെന്ന 28.09.2011ലെ ജി.ഒ.ആർ.ടി.2242/2011/ ത.സ്വ.ഭ.വ. ഉത്തരവ് നാളിതുവരെയും നടപ്പാക്കിയിട്ടില്ല. താമസംവിനാ സംയുക്തപരിശോധന നടത്തി വെള്ളക്കരം അധികമായി ഒടുക്കിയിട്ടുണ്ടെങ്കിൽ ക്രമീകരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 3-12 പാലിയേറ്റീവ് കെയർപ്രോജക്ട് - മാനേജ്മെന്റ് കമ്മിറ്റി യോഗം ചേരുന്നില്ല

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 23.08.2012-ലെ ജി.ഒ(എംഎസ്)228/2012 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 2.3 കാണുക). ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും നിർവഹണ ഉദ്യോഗസ്ഥനുമായ മെഡിക്കൽ ഓഫീസർ സെക്രട്ടറിയും ഭരണസമിതിയംഗങ്ങൾ, സി.ഡി.എസ് ഭരണസമിതിയംഗങ്ങൾ, ഇതര വിഭാഗം മെഡിക്കൽ ഓഫീസർമാർ തുടങ്ങിയവർ അംഗങ്ങളുമായ പ്രസ്തുത കമ്മിറ്റി 3 മാസത്തിലൊരിക്കൽ യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത കമ്മിറ്റി നിർജ്ജീവമാണെന്ന് രേഖകൾ വെളിവാക്കുന്നു. 24.09.2014-നുശേഷം പ്രസ്തുത കമ്മിറ്റി ഒരു യോഗം പോലും ചേർന്നിട്ടില്ല. 2015-16 ഓഡിറ്റ് റിപ്പോർട്ടിൽ ഇത് സംബന്ധിച്ച് വിശദമായി പരാമർശിച്ചിട്ടും ഇതു സംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിക്കാത്തത് അധികൃതരുടെ ഭാഗത്തുനിന്നുള്ള അലംഭാവമായി ഓഡിറ്റ് വിലയിരുത്തുന്നു. ആരോഗ്യകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി, ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് എന്നിവരുടെ സജീവശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നു.

## 3-13 ആട് ഗ്രാമം പദ്ധതി – രേഖകൾ ഹാജരാക്കിയില്ല

| ബിൽ നമ്പർ തിയതി | തുക ₹ | ഗുണഭോക്താക്കൾ | എണ്ണം | ഗുണഭോക്താക്കൾ വിഹിതം |
|---|---|---|---|---|
| 2/16-17/30.03.17 | 187500 | ജനറൽ | 75 | 187500 (50%) |
| 5/16-17/30.03.17 | 41250 | ടി.എസ്.പി | 11 | 13750 (75%) |
| 6/16-17/30.03.17 | 41250 | എസ്.സി.പി | 14 | 17500 (75%) |
| 7/16-17/30.03.17 | 11250 | -- | -- | -- |
| ആകെ | 281250 | | 100 | 218750 |
| പ്രോജക്ട് നമ്പർ | 98/17 | | | |

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയിട്ടുള്ള ആട് ഗ്രാമം എന്ന പദ്ധതിയിൽ സോജൻ ജോർജ്ജ് എന്ന വ്യക്തിയിൽ നിന്നുമാണ് ആടിനെ വാങ്ങിയിട്ടുള്ളത്. 100 ആടുകളെ വാങ്ങി വിതരണം നടത്തി. ഒരു ആടിന്റെ വിലയായി ₹5,000/- നിരക്കിൽ 100 ആടുകൾക്കായി (ഗുണഭോക്തൃവിഹിതം ₹2,18,750/- പ്ലാൻ ഫണ്ട് ₹2,81,250/- ഉൾപ്പെടെ ) ₹5,00,000/- ടിയാൾക്ക് നൽകുവാനുണ്ട്. എന്നാൽ ₹2,73,750/- മാത്രമാണ് നൽകിയിട്ടുള്ളത്. ഗുണഭോക്തൃ വിഹിതം ഉൾപ്പെടെ ബാക്കി തുക നൽകി, പദ്ധതി പൂർത്തിയാക്കി വിവരം

ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-14 ഓണം മുൻകൂർ ക്രമീകരിച്ചിട്ടില്ല

വൗച്ചർ നമ്പർ 21600410 തി.07-09-2016, ₹120,000/- 2016-17 വർഷം ഓണം മുൻകൂറായി സെക്രട്ടറി ശ്രീ. സി.എസ്.നാസർ കൈപ്പറ്റിയിട്ടുള്ള ₹15,000/-യിൽ ₹3,000/- നാളിതുവരെയായും തിരികെ ഒടുക്കിയിട്ടില്ല. സർക്കുലർ നമ്പർ 21384/എ.ബി-3/11/ത.സ്വ.ഭ.വ തീയതി.04.06.2011 പ്രകാരമുള്ള 18% പലിശ സഹിതം തുക തിരികെ ഈടാക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

– ഇല്ല –

## 4-2 ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| ഗ്രൗണ്ട് വാട്ടർ അതോറിറ്റി | കുഴൽ കിണർ നിർമ്മാണം | 515572 | 48250 | - | 48250 |
| ടി | കുഴൽ കിണർ നിർമ്മാണം | 515571 | 43000 | - | 43000 |
| ബ്ലോക്ക് പഞ്ചായത്ത് | പ്രധാന മന്ത്രി ആവാസ് യോജന | 515573 | 20000 | - | 20000 |
| ജില്ലാ പ്രോജക്ട് ഓഫീസർ | സർവ്വ ശിക്ഷ അഭിയാൻ | 515429 | 250000 | - | 250000 |
| കെ.എസ്.ഇ.ബി | കൊങ്ങാട് എസ്.റ്റി കുടിവെള്ള | 45/16-17 | 42336 | – | 42336 |

| | | | | | |
|---|---|---|---|---|---|
| | പദ്ധതിയുടെആവശ്യത്തിലേക്ക് ത്രിഫേസ് ലൈൻ വലിക്കുന്നതിന് | 44/16-17 | 413066 | - | 413066 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

– ഇല്ല –

## 4-4 വായ്പ/വായ്പ തിരിച്ചടവ്

– ഇല്ല -

## 4-5 സ്ഥിരനിക്ഷേപങ്ങൾ

– ഇല്ല –

## 4-6 ഓഡിറ്റ് റിക്കവറി

- ഇല്ല -

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2009-2010 | 3-2 | 2011-2012 | 2-4 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്തവർക്ക് ധനസഹായം | പരാമർശം തുടരുന്നു |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹5,32,61,357 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹5,24,40,214 |

| | |
|---|---|
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹6,99,507 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - ഇല്ല - | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 42,257 | ശ്രീ. റ്റി. ജി. തോമസ്, സെക്രട്ടറി |
| 3-2 | 36,000 | ശ്രീമതി. രേഖമോൾ കെ.എ., വി.ഇ.ഒ. |
| 3-4 | 25,000 | ശ്രീ. ജോസ് ഇ. ഫിലിപ്പ്, വെറ്ററിനറി സർജൻ |
| 3-7 | 3,56,250 | ശ്രീ. ജോസ് ഇ. ഫിലിപ്പ്, വെറ്ററിനറി സർജൻ |
| 3-9 | 2,40,000 | ഡോ. അഭിരാജ് എസ്. മെഡിക്കൽ ഓഫീസർ(ഹോമിയോ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

- ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 3-7

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| - ഇല്ല - | | |

## 4-9 തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| 1996-1997 | എൽ.എഫ്.ഐ-6/13/98തീ.28.09.1998 | |
| 1998-1999 | എൽ.എഫ്.ഐ-6/219/00തീ.31.07.2000 | |
| 1999-2000 | എൽ.എഫ്.ഐ-6/188/01തീ.12.07.2001 | |
| 2002-2003 | എൽ.എഫ്.ഐ-6/492/04തീ. 20.12.2004 | |
| 2004-2005 | എൽ.എഫ്.ഐ-6/980/06തീ. 07.06.2006 | |
| 2005-2006 | എൽ.എഫ്.ഐ-6/281/08തീ.10.11.2008 | |
| 2006-2007 | എൽ.എഫ്.ഐ-8/768/09തീ.15.05.2009 | |
| 2007-2008 | എൽ.എഫ്.ഐ-8/607/10തീ.06.05.2011 | |
| 2008-2009 | എൽ.എഫ്.ഐ-8/558/11തീ.1403.2012 | |
| 2010-2011 | എൽ.എഫ്.ഐ-8/618/13തീ.04.03.2014 | |
| 2011-2012 | എൽ.എഫ്.ഐ-8/618/13തീ.04.03.2014 | |

| | | |
|---|---|---|
| | | |
| 2014-2015 | എൽ.എഫ്.ഐ-8/230/16തീ.04.04.2016 | |
| 2015-2016 | കെ.എസ്.എ.ഐ.ഡി.കെ-8/386/16 തീ.06.10.16 | |

ഡെപ്യൂട്ടി ഡയറക്ടർ

## <u>അനുബന്ധം-1</u>

### <u>ഓഡിറ്റ് സാക്ഷ്യപത്രം</u>

നം.കെ.എസ്.എ.ഐ.ഡി.കെ.-8/800 /2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം

Phone No : 04862 227332

*E-mail : doidk.ksad@kerala.gov.in*

തീയതി:22.06.2017

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും ഇടുക്കി ജില്ലയിലെ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ പെരുവന്താനം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക,വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

No.KSA-IDK-8/800/2017

Kerala State Audit Department

District Audit Office, Idikki
Phone No : 04862 227332

*E-mail : doidk.ksad@kerala.gov.in*
Dated :22.06.2017

# AUDIT CERTIFICATE

Certified that I have audited the Annual Financial Statement of PERUVANTHANAM Grama Panchayat in Idukki District for the year ended on 31.03.2017 in accordance with section 4 of the Kerala Local Fund Audit Act 1994, section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and And Auditor General of India for the purpose of audit of accounts Panchayat Raj Instituitions.

In my opinion, the Financial Statements of PERUVANTANAM Gama Panchayath for the year 2016-17, except the observations in my Audit Report properly presents the picture of Income and Expenditure.

**DEPUTY DIRECTOR**
**IDUKKI**